15. Obscene songs on public roads.

Mr. K. T. Mathew being absent, the following resolutions were considered withdrawn :—

Mr. K. T. Mathew.—"This Council requests the Government to forbid the singing of obscene songs on public roads during the time of Kodungallur Bharani".

16. Special Officer for Irrigation.

Mr. K. T. Mathew.—"This Council requests the Government to appoint a Special Officer to be in charge of Irrigation".

17. Pay of Branch Anchal Masters.

Deputy President.—Next No. 17.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—"തിരുനാൾവരം (Birthday Boon) പ്രമാണിച്ച് എല്ലാ ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാക്കും ചുരുങ്ങിയപക്ഷം ഫാക. ശമ്പളം കൊടുക്കേണമെന്ന ഈ കൌൺസിൽ ഗവൺമെണ്ടിനോട് ശുപാർശചെയ്യുന്നു" എന്നാണ് റസല്യൂഷൻ.

Mr. P. Kumaran Ezhuthassan.—I second it.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—ഗവൺമെണ്ട് ആഫീസർമാക്ക് ഫാ ശുപയിൽ കുറഞ്ഞ ശമ്പളം ഇല്ലെന്നല്ലേ വെച്ചിട്ടുള്ളത് ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—അതു ഫുൾ കെടം ആഫീസക്കാണ്. ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാക്ക് ഫുൾടൈം ജോലിയില്ല. അവക്ക് വേറെ ജോലി നോക്കാം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ചിലസ്ഥലങ്ങളിൽ വേറെ ജോലിയൊന്നുമില്ലാതെ ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാരുടെ ജോലി മാത്രം നോക്കിക്കൊണ്ടിരിക്കുന്ന ആളുകൾ ഉണ്ട്. എന്റെ വില്ലേജിൽതന്നെ അങ്ങിനെയുള്ള രണ്ട് ബ്രാഞ്ച് അഞ്ചൽമാസ്റ്റർ ഉണ്ട്. അയാൾക്ക് ഇതല്ലാതെ മറ്റ് യാതൊരു ജോലിയും ഇല്ല. ഇതുപോലെ വേറെയും ആളുകൾ ഉണ്ട്. ശമ്പളക്കൂടുതൽ കിട്ടുമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഇതേവരെ ഇവർ ജോലി നോക്കിയത്. ഇപ്പോൾ അതിന് തരമില്ലെന്നു വന്നതുകൊണ്ട് ജോലി രാജിവെക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ അഞ്ചുരൂപാ ശമ്പളത്തിനു വേറെ ആളും വരുമെന്നും തോന്നുന്നില്ല. അതുകൊണ്ട് ആ അഞ്ചലാഫീസുതന്നെ എടുത്തുകളയാനും ഇടയുണ്ട്. അങ്ങിനെയായാൽ ജനങ്ങൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരും.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—അവക്ക് ശമ്പളം കൂട്ടിക്കൊടുക്കാമെന്നുവച്ചാലും ഇനി തിരുനാൾവരത്തിൽ പെടുകയില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അനുവദിക്കുന്നപക്ഷം ആ വാക്കുകൾ എടുത്തുകളയാം.

ഡാക്ടർ എ. ആർ. മേനോൻ.—പത്തുരൂപയിൽ കുറഞ്ഞ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടോ എന്നു എനിക്കറിയണം.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—ഫുൾ ടൈം ആഫീസർമാക്ക് മാത്രമേ ഫാ ശുപാ കൊടുക്കുകയുള്ളുവെന്നു പറഞ്ഞിട്ടുണ്ട്. ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാക്ക് ഫുൾ ടൈം വർക്ക് ഇല്ല. അവക്ക് അഞ്ചുരൂപാ കൊടുക്കുന്നതു തന്നെയും അലവൻസായിട്ടാണ്, ശമ്പളമായിട്ടല്ല. അവക്ക് വേറെ ജോലിക്കും പോകാം. ആ കൂട്ടത്തിൽ ഇതും എന്നു മാത്രമേയുള്ളൂ.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഒരു പൈ ശമ്പളം കൊടുത്തില്ലെങ്കിലും എനിക്കു വിരോധമില്ല. എങ്കിലും ഒരു വില്ലേജിൽ ഇപ്പോഴുള്ള ഒരു അഞ്ചലാഫീസ് ആ വിടെ ജോലിനോക്കാൻ മാസ്റ്ററില്ലാ എന്ന കാരണത്താൽ

LIBRARY ARCHIVES Kerala Legislative Assembly